ഭരണഭാഷ - മാതൃഭാഷ

സ്പോർട്സ് 1/19314/2024/ഡി.ജി.ഇ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം., തീയതി :24.09.2024
ഫോൺ:0471- 2580 534; supdts.dge@kerala.gov.in

പ്രേഷിതൻ

പൊതുവിദ്യാഭ്യാസ ഡയറക്ടർ
തിരുവനന്തപുരം

സ്വീകർത്താവ്

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും

സർ

വിഷയം : പൊതുവിദ്യാഭ്യാസം - സ്പോർട്സ് - 2024 ഗ്രൂപ്പ് 3 മത്സര ഇനങ്ങളായ റെസ്ലിങ് അണ്ടർ 14, 17, 19 ആൺ/പെൺ, തായ്ക്വാണ്ടോ അണ്ടർ 14, 17 ആൺ/പെൺ, ബാസ്കറ്റ് ബോൾ അണ്ടർ 17 ആൺ, ആർച്ചറി അണ്ടർ 17, 19 ആൺ/പെൺ, യോഗാസന അണ്ടർ 19 ആൺ/പെൺ, ജിംനാസ്റ്റിക്സ് അണ്ടർ 14, 17, 19 ആൺ/പെൺ എന്നിവയുടെ സംസ്ഥാനതല ചാമ്പ്യൻഷിപ്പ് നടത്തുന്നത് - സംബന്ധിച്ച്

സൂചന :

****************************

66-ാ മത് സംസ്ഥാനതല സ്കൂൾ ഗെയിംസ് ഗ്രൂപ്പ് 3 മത്സര ഇനങ്ങളായ റെസ്ലിങ് അണ്ടർ 14, 17, 19 ആൺ/പെൺ, തായ്ക്വാണ്ടോ അണ്ടർ 14, 17 ആൺ/പെൺ, ബാസ്കറ്റ് ബോൾ അണ്ടർ 17 ആൺ, ആർച്ചറി അണ്ടർ 17, 19 ആൺ/പെൺ, യോഗാസന അണ്ടർ 19 ആൺ/പെൺ, ജിംനാസ്റ്റിക്സ് അണ്ടർ 14, 17, 19 ആൺ/പെൺ സംസ്ഥാനതല ചാമ്പ്യൻഷിപ്പ് **2024 ഒക്ടോബർ 06 മുതൽ ഒക്ടോബർ 09 വരെ കണ്ണൂർ** ജില്ലയിൽ വച്ചു നടത്തുന്നതാണ്. റവന്യൂ ജില്ലാ മത്സരങ്ങളിലൂടെ തെരഞ്ഞെടുത്ത താങ്കളുടെ ജില്ലാ ടീമുകളെ സംസ്ഥാനതല മത്സരങ്ങളിൽ പങ്കെടുപ്പിക്കേണ്ടതാണ്. **https://sports.kite.kerala.gov.in** എന്ന വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യുമ്പോൾ ലഭിക്കുന്ന എലിജിബിലിറ്റി സർട്ടിഫിക്കറ്റുമായി രജിസ്ട്രേഷൻ സമയത്ത് എത്തേണ്ടതാണ്. മത്സരങ്ങൾ നടക്കുന്ന സ്ഥലങ്ങളും തീയതിയും താഴെ സൂചിപ്പിക്കുന്നു.

## രജിസ്ട്രേഷൻ സ്ഥലവും, തീയതിയും ചുവടെ ചേർക്കുന്നു

| ക്രമ നം. | ഐറ്റം | കാറ്റഗറി | റിപ്പോർട്ടിങ്ങ്/ ഭാരം അളക്കൽ തീയതി | രജിസ്ട്രേഷൻ വേദി | മത്സര നടക്കുന്ന തീയതികൾ | മത്സര വേദി |
|---|---|---|---|---|---|---|
| 1 | റെസ്ലിങ് | സീനിയർ ആൺ/പെൺ | 06.10.24 6 pm | സി എച്ച് എം എച്ച് എസ് എസ് എളയാവൂർ | 07.10.24 8 am | മുണ്ടയാട് ഇൻഡോർ സ്റ്റേഡിയം, കണ്ണൂർ |
| | | ജൂനിയർ ആൺ/പെൺ | 07.10.24 6 pm | | 08.10.24 8 am | |
| | | സബ്ജൂനിയർ ആൺ/പെൺ | 08.10.24 6 pm | | 09.10.24 8 am | |
| 2 | തായ്ക്വാണ്ടോ | സബ്ജൂനിയർ, ജൂനിയർ ആൺ/പെൺ | 07.10.24 6 pm | മുണ്ടയാട് ഇൻഡോർ സ്റ്റേഡിയം, കണ്ണൂർ | 08.10.24- 09.10.24 8 am | മുണ്ടയാട് ഇൻഡോർ സ്റ്റേഡിയം, കണ്ണൂർ |

| | | | | | | |
|---|---|---|---|---|---|---|
| 3 | ബാസ്കറ്റ് ബോൾ | ജൂനിയർ ആൺ | 08.10.24 7.30 am | തലശ്ശേരി ബാസ്കറ്റ്ബോൾ സ്റ്റേഡിയം | 08.10.24-09.10.24 8 am | തലശ്ശേരി ബാസ്കറ്റ്ബോൾ സ്റ്റേഡിയം |
| 4 | ആർച്ചറി | ജൂനിയർ ആൺ/പെൺ | 07.10.24 7.30 am | ജവഹർ സ്റ്റേഡിയം, കണ്ണൂർ | 07.10.24 8 am | ജവഹർ സ്റ്റേഡിയം, കണ്ണൂർ |
| | | സീനിയർ ആൺ/പെൺ | 08.10.24 7.30 am | ജവഹർ സ്റ്റേഡിയം, കണ്ണൂർ | 08.10.24 8 am | |
| 5 | യോഗാസന | സീനിയർ ആൺ/പെൺ | 08.10.24 7.30 am | ജി വി എച്ച് എസ് എസ് (സ്പോർട്സ്) കണ്ണൂർ | 08.10.24-09.10.24 8 am | ജി വി എച്ച് എസ് എസ് (സ്പോർട്സ് )കണ്ണൂർ |
| 6 | ജിംനാസ്റ്റിക്സ് | സീനിയർ, ജൂനിയർ, സബ്ജൂനിയർ ആൺ/പെൺ | 08.10.24 7.30 am | സായി ,തലശ്ശേരി | 08.10.24-09.10.24 8 am | സായി ,തലശ്ശേരി |

**രജിസ്ട്രേഷനുമായി ബന്ധപ്പെടേണ്ട ഫോൺ നം:**

1.ജോൺസൺ കെ.ജെ, പി.ഇ.ടി, സെന്റ്. തോമസ് എച്ച്.എസ്.എസ്, കിളിയൻതറ –**9447470382**

2.ശ്രീകാന്ത് പി.കെ., പി.ഇ.ടി., എച്ച്.എസ്.എസ്., ചെമ്പിലോട് - **8547197924**

**താമസ സൗകര്യത്തിനായി ബന്ധപ്പെടേണ്ട ഫോൺ നം:**

1. ഷമീൻ.കെ.കെ., പി.ഇ.ടി, ജി.എച്ച്.എസ്.എസ് , തിരുവങ്ങാട് - **7306010113**
2. ലജിത് ഗംഗൻ, പി.ഇ.ടി., ജി.എച്ച്.എസ്.എസ്., കോട്ടില - **6282484748**

## നിർദ്ദേശങ്ങൾ

1. സംസ്ഥാനതല സ്കൂൾ ഗെയിംസ് ഗ്രൂപ്പ് 3 മത്സര ഇനങ്ങളിൽ പങ്കെടുക്കുന്ന കുട്ടികൾ രജിസ്ട്രേഷൻ സമയത്ത് ഹാജരാക്കേണ്ട രേഖകൾ
   i. **https://sports.kite.kerala.gov.in** എന്ന വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്ത് ശേഷം ലഭിക്കുന്ന എലിജിബിലിറ്റി സർട്ടിഫിക്കേറ്റ് സ്കൂൾ **പ്രിൻസിപ്പൽ / പ്രധാനദ്ധ്യാപകൻ സാക്ഷ്യപ്പെടുത്തിയത്**. (1 കോപ്പി)
   ii. പ്രിൻസിപ്പൽ / പ്രധാനദ്ധ്യാപകൻ സാക്ഷ്യപ്പെടുത്താത്ത രേഖകൾ ഒന്നും തന്നെ രജിസ്ട്രേഷനായി പരിഗണിക്കുകയില്ല.

2. മത്സരത്തിൽ പങ്കെടുക്കാൻ വരുന്ന കുട്ടികളുടെ സുരക്ഷ, സംരക്ഷണം ഉറപ്പാക്കുന്നതിന്റെ ഭാഗമായി കുട്ടികളോടൊപ്പം മത്സരത്തിനു വരുന്ന ടീം മാനേജർമാരെ ജില്ല വിദ്യാഭ്യാസ ഉപഡയറക്ടറുടെ മേൽനോട്ടത്തിൽ നിയമിക്കേണ്ടതാണ്. ഹയർസെക്കണ്ടറി, വൊക്കേഷണൽ ഹയർസെക്കണ്ടറി വിഭാഗത്തിലെ കുട്ടികൾ പങ്കെടുക്കുമ്പോൾ അതാത് വിഭാഗത്തിലെ എസ്കോർട്ടിംഗ് ടീച്ചർമാരുടെ സാന്നിധ്യം നിർബന്ധമായും ഉണ്ടായിരിക്കണം. ആയതിന്റെ ചുമതല അതത് റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർക്കും അസിസ്റ്റന്റ് ഡയറക്ടർമാർക്കും ആയിരിക്കും .

3. രജിസ്ട്രേഷൻ സമയത്ത് കുട്ടികൾക്ക് നൽകുന്ന പാർട്ടിസിപ്പെന്റ് കാർഡ് ഓരോ മത്സരത്തിനും പരിശോധനക്കായി ഹാജരാക്കേണ്ടതാണ്.
4. മത്സരാർത്ഥികൾ, കോച്ച്, മാനേജർ എന്നിവർക്ക് താമസ സൗകര്യം പൊതുവിദ്യാഭ്യാസ വകുപ്പ് നൽകുന്നതാണ്.

5. പെൺകുട്ടികളുടെ ടീമിനൊപ്പം വനിത ടീം മാനേജർ നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്. ടീം മാനേജർമാർ ഇല്ലാത്ത ടീമുകളുടെ രജിസ്ട്രേഷൻ ചെയ്യുന്നതല്ല.
6. 06.10.2024 ന് വൈകിട്ട് 07.00 മണിക്ക് റസ്ലിംഗ് ടീം മാനേജേഴ്സിന്റെ മീറ്റിംഗ് സി എച്ച് എം എച്ച് എസ് എസ് എളയാവൂരിൽ നടത്തുന്നതാണ്. എല്ലാ ടീം മാനേജേഴ്സും നിർബന്ധമായും ഇതിൽ പങ്കെടുക്കേണ്ടതാണ്.
7. 07/10/2024 ന് വൈകിട്ട് 07.00 മണിക്ക് തായ്ക്വൊണ്ടോ ടീം മാനേജേഴ്സിന്റെ മീറ്റിംഗ് സ്പോർട്സ് മുണ്ടയാട് ഇൻഡോർ സ്റ്റേഡിയത്തിൽ വെച്ചു നടത്തുന്നതാണ്. എല്ലാ മാനേജേഴ്സും നിർബന്ധമായും ഇതിൽ പങ്കെടുക്കേണ്ടതാണ്.
8. 08/10/2024 ന് രാവിലെ 08.00 മണിക്ക് ബാസ്കറ്റ്ബോൾ ടീം മാനേജേഴ്സിന്റെ മീറ്റിംങ്ങ് തലശ്ശേരി ബാസ്കറ്റ്ബോൾ സ്റ്റേഡിയത്തിൽ ഉണ്ടായിരിക്കുന്നതാണ്. എല്ലാം ടീം മാനേജേഴ്സും ഇതിൽ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്.
9. അക്കോമഡേഷന്റെ ഭാഗമായി ടീം ഒന്നിന് **2,000/-** രൂപ ക്രമത്തിൽ കരുതൽ ഡിപ്പോസിറ്റ് രജിസ്ട്രേഷൻ സമയത്ത് അടയ്ക്കേണ്ടതാണ്.

വിശ്വസ്തതയോടെ

DIRECTORATE OF GENERAL EDUCATION
Jagathy, Trivandrum

**പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി**

പകർപ്പ് :

1. എല്ലാ ആർ.ഡി.ഡിമാർക്കും (ഹയർ സെക്കണ്ടറി വിഭാഗം)
2. എല്ലാ എ.ഡി.മാർക്കും (വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗം)
3. എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും (വിദ്യാഭ്യാസ ഉപഡയറക്ടർമാർ മുഖേന)
4. എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും (വിദ്യാഭ്യാസ ഉപഡയറക്ടർമാർ മുഖേന)
5. എല്ലാ ജില്ലാ സ്പോർട്സ് കോ-ഓർഡിനേറ്റർമാർക്കും (വിദ്യാഭ്യാസ ഉപഡയറക്ടർമാർ മുഖേന)
6. എല്ലാ ആർ.ഡി.എസ്.ജി.എ സെക്രട്ടറിമാർക്കും (വിദ്യാഭ്യാസ ഉപഡയറക്ടർമാർ മുഖേന)